**നോർക്ക റൂട്ട്സ്**
**നോർക്ക സെന്റർ**
**തൈക്കാട്, തിരുവനന്തപുരം**

**ടെൻഡർ നോട്ടീസ്**

**ക്ലീനിങ് ജോലികൾ നിർവഹിക്കുന്നതിനായി ടെൻഡർ നൽകുന്ന ഏജൻസികൾക്കുള്ള നിർദ്ദേശങ്ങൾ**

1. തിരുവനന്തപുരം തൈക്കാട് നോർക്ക സെന്ററിന്റെ ഏഴു നിലകളും പരിസരവും ദൈനം ദിനം വൃത്തിയാക്കേണ്ടത്.
2. ഈ കെട്ടിടത്തിൻറെ കാർപെറ്റ് ഏരിയ 1682 സ്ക്വയർ മീറ്റർ (ലോബി ഏരിയ ഒഴികെ) ആണ്.
3. ഈ കെട്ടിടത്തിലെ എല്ലാ ഓഫിസുകളും, ടോയ്‌ലെറ്റുകളും, സ്റ്റെയർ കേസുകൾ, ലോബികൾ ഫർണിച്ചറുകൾ, ടെലിഫോണുകൾ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ഗ്ലാസ് പാർട്ടീഷനുകൾ, ജനലുകൾ, വാതിലുകൾ എന്നിവയുടെ പൊടി നീക്കിയും തുടച്ചു വൃത്തിയാക്കേണ്ടതുമാണ്.
4. ഉദ്യോഗസ്ഥരുടെ മുറികളിലെ ടോയ്‌ലെറ്റുകൾ ദിവസം ഒരു പ്രാവിശ്യവും, സ്റ്റാഫുകളും, പൊതുജനങ്ങളും ഉപയോഗിക്കുന്ന ടോയ്‌ലെറ്റുകൾ രണ്ട് മണിക്കൂർ ഇടവിട്ടും വൃത്തിയാക്കേണ്ടതാണ്.
5. ഓഫീസ് സ്റ്റെയർ കേസുകൾ, ലോബികൾ എന്നിവ എല്ലാദിവസവും വൃത്തിയാക്കേണ്ടതാണ്.
6. കെട്ടിടത്തിനകം മുഴുവനും, പരിസരവും വൃത്തിയാക്കേണ്ടതാണ്.
7. ഇലക്ട്രോണിക് ഉപകരണങ്ങൾ ആഴ്ച്ചയിൽ ഒരു പ്രാവശ്യവും ടെലിഫോൺ രണ്ടാഴ്ചയിൽ ഒരിക്കലും വൃത്തിയാക്കേണ്ടതാണ്.
8. ഗ്ലാസ്സുകൾ, ജനലുകൾ, വാതിലുകൾ എന്നിവ ആവശ്യാനുസരണം വൃത്തിയാക്കേണ്ടതാണ്.

9. വൃത്തിയാക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, ശുചീകരണ പദാർത്ഥങ്ങൾ എന്നിവ പ്രവൃത്തി ഏറ്റെടുക്കുന്ന വ്യക്തി/സ്ഥാപനം തന്നെ വയ്ക്കേണ്ടതാണ്.

10. ഓരോ മാസത്തേയും പ്രവൃത്തി വിലയിരുത്തിയതിന് ശേഷം മാത്രമേ ആ മാസത്തെ തുക അനുവദിക്കുകയുള്ളൂ.

11. പ്രൊഫെഷണൽ രീതിയിൽ കുറഞ്ഞത് 7500 സ്ക്വയർ മീറ്റർ എങ്കിലും ഉള്ള കെട്ടിടത്തിന്റെ ശുചീകരണ പ്രവർത്തനങ്ങൾ ചെയ്തു പരിചയമുള്ളവരും, ഈ രംഗത്ത് കുറഞ്ഞത് മൂന്ന് വർഷത്തെയെങ്കിലും പ്രവൃത്തി പരിചയമുള്ളവരും ആയിരിക്കണം.

12. ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന പ്രൊഫഷണൽ ഉപകരണങ്ങളുടെയും, ആവശ്യം വരുന്ന സാധന സാമഗ്രികളുടെ വിവരങ്ങൾ റെൻഡറിനോടപ്പം സമർപ്പിക്കേണ്ടതാണ്.

Sd/-

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ